# ACADEMIC MASTER PLAN

## STD-I

# ഉപന്യാസം

## ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ
രക്ഷിതാവും അദ്ധ്യാപകരും ലക്ഷ്യം വെക്കുന്നത്. എഴുത്ത്,
വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങ
ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രച
കൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ട
ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പ
കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ
നേട്ടങ്ങൾ കൂടി കൈവരിക്കുവാൻ ആവശ്യമായ ഇടപെടലു
ളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി
ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം
സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വി
പ്രവർത്തനപ്പെടുത്തിലൂടെ കുട്ടിയും രക്ഷിതാവും അദ്ധ്യാപിക
ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായ
അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അദ്ധ്യ
വർഷത്തിൽ കുട്ടി, രക്ഷിതാവ്, അദ്ധ്യാപകർ, മറ്റ് സഹായികൾ
ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയ
വിൽ നടപ്പാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ
വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഉറപ്പാക്കിക്കൊണ്ടാണ്
തയ്യാറാക്കിയിട്ടുള്ളത്.
അക്കാദമിക മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
- രക്ഷിതാവിന്റെയും അദ്ധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ, വായനാ കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- സർഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിലേർപ്പെടുന്നു.
- കുഞ്ഞ് ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

- സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായിത്തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടേയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടേയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

## ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായമൊരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാനവസരം ഒരുക്കുന്നു.

• അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
• ചിത്ര വായനയ്ക്ക് അവസരമൊരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

പ്രവർത്തനങ്ങൾ
• റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാള മധുരം പ്രവർത്തനങ്ങൾ
• ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
• സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
• പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്ന
• ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായനാ കാർഡുകൾ എന്നിവ തയ്യാറാക്കുന്ന. അവതരിപ്പിക്കുന്നു.
• രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
• ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
• ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

പ്രവർത്തനങ്ങൾ
• സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
• സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരമൊരുക്കുന്ന.
• ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്ന
• അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
• വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
• കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനക്ക് അവസരമൊരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടരുന്നു.
- രചനോത്സവം തുടരുന്നു.
- ചിത്രവായനക്ക് അവസരമൊരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.
- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായനക്കാർഡുകൾ, ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പാഠ്യേതര സമയം ഉപയോഗിച്ച് കൂട്ടവായന നടത്തുന്നു.
- ചെറുകഥകൾ പറഞ്ഞ് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

• നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരക്കുന്നു.

• ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു.

• ക്ലാസ്സ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

• ഭാഷാ പ്രവർത്തനങ്ങൾ വൈവിധ്യവും കൗതുകകരവുമായി അവതരിപ്പിക്കും.

• രചനാശേഷി പരിപോഷിപ്പിക്കൽ.

• ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിലെഴുതുന്നു.

• രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

• ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

• കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

• സ്വായത്തമാക്കിയ വാക്കുകളുപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിലേർപ്പെടുന്നു.

• പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

• സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

• കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാശിൽപശാലകൾ നടത്തുന്നു.

• തിയേറ്റർ സാധ്യതകൾ, വായന കളികൾ എന്നിവയുപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

- കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടേയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരമൊരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൂട്ടെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരമൊരുക്കുന്നു.
- ആശയപൂർണ്ണതയോടെ തനിമയുള്ള രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യമുറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കൂട്ടെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ട വായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്തം വായന ഇവയ്ക്ക് പ്രോത്സാഹനമൊരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനക്കാർക്കുള്ളതായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കൂട്ടെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിലെത്തിക്കുന്നു.
- സാക്ഷ്യപത്രം വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ്സ്മുറിയിൽ നടപ്പിലാക്കുന്നു.
- സർഗ്ഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളുടെയും സചിത്രപാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# ENGLISH

## Introduction

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak english fluently like Malayalam. We have to keep the language English close to our heart.

The Academic master plan is designed to ensure that not a single child goes illiterate.

## Objectives and Learning Outcomes

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

### June

- Introduce symbol words.
- Provides picture cards.

### July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

## August

- Enjoy songs and sings them with rhythm and action.
- Describes orally about pictures and objects using adjectives.

## September

- Read and write simple words and simple sentences.
- Provides picture cards and reading cards.

## October

- Introduce simple picture descriptions.
- Make word chain, sentence chain.
- Make riddles
- Describing words, rhyming words.
- Text book activities.

## November

- Prepare reading cards.
- Provide more opportunities to read, write and speak English.
- Writes five English words daily.

## December

- Read and understand simple instructions in the classroom
- Encourage digital reading.

## January

- Enjoy songs and sings them with rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- Provide the opportunity to express myself in the classroom
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences.
- Picture reading and picture description.

# ഗണിതം

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ സഹായകരമാകാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാകാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്ന.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- 9 ൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ – അവരോഹണ ക്രമത്തിലാക്കുന്നു.
- രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാ പാറ്റേൺ ക്രമീകരിക്കുന്നു.
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
- സംഖ്യാകാർഡ് നിർമ്മിക്കൽ

## ജൂലൈ

- ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കൽ.

## ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങളുപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിലേർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

- ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്.
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിതപ്രവർത്തനങ്ങൾ.

## നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിലേർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ-അവരോഹണ ക്രമത്തിലെഴുതൽ.
- ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിലേർപ്പെടുന്നു.
- സങ്കലന, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ആൽബം P.T.A-യിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിലേർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട worksheet-കൾ പൂർത്തിയാക്കുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# യു.പി. വിഭാഗം സാമൂഹ്യശാസ്ത്രം

# അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല ശേഷികൾ, ആശയങ്ങൾ ഇവ [illegible] നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് [illegible] നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| | ദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സംസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ, തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ചാർട്ടുകൾ കുട്ടികളെക്കൊണ്ട് തയ്യാറാക്കിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നു. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പ്രാപ്തരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ. എന്നിവയുടെ വീഡിയോകളായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപിക |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ദുരിതബാധിത പ്രദേശങ്ങൾ, വ്യക്തികൾ എന്നിവർക്ക് വിദ്യാർത്ഥികളാൽ കഴിയും വിധം സഹായങ്ങൾ നൽകുന്നു. മിതവ്യയ ശീലം പരിശീലിപ്പിക്കുന്നു. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വെബ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും വെബ് സുരക്ഷിതത്വങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക. |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | സ്വന്തം ഉപയോഗത്തിന് ആവശ്യമായ വസ്തുക്കൾ ഉല്പാദിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുന്നു. | അക്കാദമിക വർഷം | സാമൂഹിക അധ്യാപിക. |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## യു.പി ഇംഗ്ലീഷ്

മേഖല: യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും ആശയം മനസ്സിലാക്കാനും അവസരം ഒരുക്കുന്നു | Lend your Ear - ചിത്രവും സംഭാഷണവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me If you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ കേട്ടനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Missing Man വിദ്യാർത്ഥികൾ തമ്മിലുള്ള സംഭാഷണം കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നിശ്ശബ്ദം ചെയ്ത് ഒരു കുട്ടിയുടെ സംഭാഷണം കേൾപ്പിക്കുന്നു. മറ്റ് കുട്ടികൾക്ക് അഭിനയിക്കാനുള്ള അവസരം ഒരുക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |

മേഖല : യു. പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 2) ഭാഷാനൈപുണ്യ വായന ഉറപ്പിക്കുക. | Making Dictionary: ഓരോ അദ്ധ്യായത്തിലെയും New words-ന്റെ Dictionary തയ്യാറാക്കുന്നു.<br>One Man show അവസരം നൽകി ഇംഗ്ലീഷിൽ സംസാരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നു.<br>You can! വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. അത് കുട്ടികൾ വായിക്കാൻ അവസരം നൽകുന്നു<br>Learning Ladder: ഉച്ചാരണത്തിന് തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി ക്ലാസ്സിൽ നിന്ന് വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു.<br>Reader of the Month: ഇംഗ്ലീഷ് പത്രം വായിക്കാൻ അവസരം നൽകുന്നു | ജൂൺ<br>ജൂലൈ<br>നവംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ | |

മേഖല: യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | Alert zone ആശയവിനിമയങ്ങൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കി ക്ലാസ് തലത്തിലേക്കായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങൾ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run baby Run: ചാർട്ടിൽ പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രത്യേക സമയത്തിനുള്ളിൽ മറ്റൊരു ചാർട്ടിലേക്ക് എഴുതുന്നു. | ദൈനംദിനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Funtime Funda: കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ചെറുകഥകൾ എന്നിവ ഇംഗ്ലീഷിൽ ക്ലാസിൽ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോട് താത്പര്യം ഉണർത്തുന്നു. | The Grand class ഇംഗ്ലീഷ് പ്രാവീണ്യമുള്ള രക്ഷിതാക്കളെ ഉൾപ്പെടുത്തി ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി ഒന്നായി ചേരാൻ അവസരം ഒരുക്കുന്നു. അതിന് Role Play, നാടകം എന്നിവ എല്ലാം ക്ലാസിൽ കവിത, പ്രസംഗം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നു. | | | |

# U P ENGLISH

# ACADEMIC MASTER PLAN

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അത് ആശയം ഗ്രഹിച്ച് സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear**<br>ലളിതവും സരളവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |
| | **Follow Me If You Can**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |
| | **News**<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശീലിക്കുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | Missing Man<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നിശ്ശബ്ദം ചെയ്ത് കുട്ടികളുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഒരു കുട്ടിയ്ക്ക് അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ |
| 2. ഭാവാത്മകമായ വായന പരിശീലിപ്പിക്കുന്നു. | വിവിധ വായനാസന്ദർഭങ്ങൾ നൽകി തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | എല്ലാ ആഴ്ചയിലും | ഇംഗ്ലീഷ് അധ്യാപകൻ |
| | വ്യത്യസ്തമായ കഥകൾ നാടക രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ഓരോ ടേമിലും | ഇംഗ്ലീഷ് അധ്യാപകൻ |

| | | | |
|---|---|---|---|
| | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു. ലൈബ്രറിയിൽ വായിച്ച ഭാഗങ്ങൾക്ക് സമ്മാനം നൽകുന്നു. | മാസം തോറും | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാകുന്നു. | കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, ഡിജിറ്റൽ മാഗസിൻ എന്നിവ തയ്യാറാക്കുന്നു. കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപിക |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള അഭിരുചി വളർത്തുന്നു. | കഥപറയൽ, കഥയെഴുത്ത്, ടോക്ക്ഷോ എന്നിവ കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപിക |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

യു.പി സയൻസ്

## ഇ. പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്: പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളങ്ങൾ തണലുള്ള ഇരിപ്പിടങ്ങൾ, എന്നിവ ഉൾക്കൊള്ളിച്ച് നിർമാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര: സസ്യങ്ങൾ കണ്ടെത്തൽ, പുതിയവ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണങ്ങളിലൂടെ: പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ക്ലാസുകൾ നടത്തുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. | ജനുവരി | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |

## യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിവ് വർദ്ധിപ്പിക്കുക | മാസ്റ്റർ മൈന്റ്<br>സയൻസ് ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | വർക്ക്ഷോപ്പ്<br>സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര വിസ്മയ ചുമർ:<br>ശാസ്ത്ര ഉപകരണങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ |
| | അഭിമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിക്കുന്നു | | | |

## യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3) ശാസ്ത്രത്തിന്റെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ശാസ്ത്ര ലൈബ്രറി<br>ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br>വിസ്മയ യാത്ര:<br>ICT യുടെ സഹായത്തോടെ പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ | പി.ടി.എ |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത ത്രിമാന രൂപങ്ങൾ കാണിച്ചു കൊടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

## ക്ലാസ്-4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ. | ക്ലാസ് ടീച്ചർ | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | മലയാളം അധ്യാപിക | പി.ടി.എ |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ രചനാ മത്സരങ്ങൾ | പ്രതിമാസം | ക്ലാസ് ടീച്ചർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| ലേഖന ശേഷി വർധിപ്പിക്കൽ | അനുഭവക്കുറിപ്പ്, യാത്രാവിവരണം, കത്ത് എന്നിവ എഴുതിക്കുന്നു. | മാസം തോറും | ക്ലാസ് ടീച്ചർ | |
| അറിവ് ലോകത്തി-ന്റിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | ഭക്ഷ്യമേള, പാചക-ക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലെ സദ്യ | വർഷത്തിലൊന്ന് | എസ്.ആർ.ജി ടീച്ചേഴ്സ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, [illegible], സാമഗ്രികൾ എന്നിവ പരിചയപ്പെടുത്തുന്നു. | വർഷത്തിലൊന്ന് | എച്ച്.എം. എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | സർഗ്ഗോത്സവം നടത്തുക. കുട്ടികൾ നേടിയ ശേഷികൾ പ്രദർശിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |